പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2425 **27-10-2026-ൽ മറുപടിയ്ക്ക്**

അനെർട്ടിലെ പദ്ധതികളിന്മേലുള്ള വിജിലൻസ് അന്വേഷണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സുമേഷ് അച്ചുതൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) അനെർട്ടിന്റെ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച് ഏതെങ്കിലും വിജിലൻസ് അന്വേഷണങ്ങൾ നിലവിലുണ്ടോ;

മറുപടി: 2 പ്രാഥമിക അന്വേഷണങ്ങളും ഒരു മിന്നൽ പരിശോധനയും നടത്തിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ എത്ര വിജിലൻസ് അന്വേഷണങ്ങൾ ഏതെല്ലാം വിഷയങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്നുണ്ട് എന്ന് വിശദമാക്കാമോ;

മറുപടി:

1. **പി. ഇ 4/2023/എസ്.ആർ.ടി**

അനെർട്ട്- ലെ പവർ ക്വാളിറ്റി അനലൈസർ വാങ്ങിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത പ്രാഥമിക അന്വേഷണം.

2. **പി ഇ 12/2025/എസ് ഐ യു -1**

വൈദ്യുതി പമ്പുകൾ ഉപയോഗിച്ച് പ്രവർത്തിച്ചിരുന്ന വ്യക്തിഗത കാർഷിക സോളാർവത്കരിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയിലെ ടെണ്ടർ നടപടികളിലും നടത്തിപ്പിലുമുള്ള ക്രമക്കേട്, അനെർട്ടിലെ വിവിധ പദ്ധതികളിലെ റിന്യൂവബിൾ എനർജി കെയർ എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട് ഇ- മൊബൈലിറ്റി പദ്ധതിയ്ക്ക് ജീവനക്കാരെ നിയമിച്ചത് സംബന്ധിച്ചും, സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി അനെർട്ട് മുഖേന തിരുവനന്തപുരം നഗരസഭാ പരിധിയിലെ സർക്കാർ കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിച്ചതിലെ ക്രമക്കേടുകൾ എന്നീ വിഷയങ്ങളിൽ രജിസ്റ്റർ ചെയ്ത പ്രാഥമിക അന്വേഷണം.

(സി) എങ്കിൽ പ്രസ്തുത അന്വേഷണങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഉത്തരവുകളുടേയും നിർദ്ദേശങ്ങളുടേയും പകർപ്പുകൾ ലഭ്യമാക്കാമോ;

മറുപടി: പ്രസ്തുത അന്വേഷണങ്ങൾ ആവശ്യപ്പെട്ടു കൊണ്ടുള്ള ഉത്തരവുകളുടേയും നിർദ്ദേശങ്ങളുടേയും പകർപ്പുകൾ **അനുബന്ധം** ആയി ചേർക്കുന്നു.

(ഡി) പ്രസ്തുത അന്വേഷണങ്ങളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

<u>മറുപടി:</u> പ്രാഥമിക അന്വേഷണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി റപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) പ്രസ്തുത അന്വേഷണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വകുപ്പ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

വിജിലൻസ് (ഡി) വകുപ്പ്

നമ്പർ.VIG-D2/164/2025-VIG 28-06-2025,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

ഡയറക്ടർ
വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം

സർ,

വിഷയം:- വിജിലൻസ് വകുപ്പ്- ശ്രീ പി ജയചന്ദ്രൻ നായർ സമർപ്പിച്ച പരാതി -സംബന്ധിച്ച്

സൂചന:- താങ്കളുടെ 16.05.2025 തീയതിയിലെ CS2-19931/2025/DVACB നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പി എം കുസും പദ്ധതി പ്രകാരം സംസ്ഥാനത്ത് കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചു വരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിന് അനെർട്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ ടെണ്ടർ നടപടിക്രമങ്ങളിലും, വർക്ക് ഓർഡർ നൽകിയതിലും, പ്ലാന്റ് സ്ഥാപിച്ചതിലും ക്രമക്കേടും അഴിമതിയും ആരോപിച്ച് ശ്രീ പി ജയചന്ദ്രൻ നായർ സമർപ്പിച്ച നൽകിയ പരാതി വിഷയത്തിൽ ഒരു **വെരിഫിക്കേഷൻ** നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
സംഗീത ടി എസ്
ഡെപ്യൂട്ടി സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Jayakala O
Date: 28-06-2025 12:40:50

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

വിജിലൻസ് (ഡി) വകുപ്പ്

നമ്പർ.VIG-D2/164/2025-VIG 14-07-2025,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

ഡയറക്ടർ

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ.

സർ,

വിഷയം:- വിജിലൻസ് വകുപ്പ് -ശ്രീ പി ജയചന്ദ്രൻ നായർ സമർപ്പിച്ച പരാതി - അനെർട്ടുമായി ബന്ധപ്പെട്ട **ആരോപണം-വെരിഫിക്കേഷൻ**-സംബന്ധിച്ച്

സൂചന:- (1) 05.06.2025 തീയതിയിലെ താങ്കളുടെ CS2-23915/2025/DVACB നമ്പർ കത്ത്

(2) 28.06.2025 തീയതിയിലെ ഇതേ നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരം ലഭ്യമാക്കിയ ശ്രീ പി ജയചന്ദ്രൻ നായർ സമർപ്പിച്ച പരാതി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അനെർട്ടുമായി ബന്ധപ്പെട്ട് നിരവധി ആരോപണങ്ങൾ ഉന്നയിക്കുന്ന സാഹചര്യത്തിൽ, സൂചന (2) പ്രകാരം നൽകിയ നിർദ്ദേശത്തോടൊപ്പം ചേർത്ത് സൂചന (1)-ലെ പരാതി വിഷയത്തിലും **വെരിഫിക്കേഷൻ** നടത്തി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

സംഗീത ടി എസ്

ഡെപ്യൂട്ടി സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Jayakala O
Designation: Section Officer
Date: 14-07-2025 22:25:00

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

വിജിലൻസ് (ഡി) വകുപ്പ്

നമ്പർ.VIG-D2/164/2025-VIG 27-08-2025,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

ഡയറക്ടർ
വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം

സർ,

വിഷയം:- വിജിലൻസ് വകുപ്പ് -ശ്രീ പി ജയചന്ദ്രൻ നായർ സമർപ്പിച്ച പരാതി-അനെർട്ടുമായി ബന്ധപ്പെട്ട ആരോപണം-**വെരിഫിക്കേഷൻ**-സംബന്ധിച്ച്

സൂചന:- (1) 04.07.2025 തീയതിയിലെ താങ്കളുടെ CS2-27246/2025/DVACB നമ്പർ കത്ത്
(2) 14.07.2025 തീയതിയിലെ ഇതേ നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരം ലഭ്യമാക്കിയ ശ്രീ പി ജയചന്ദ്രൻ നായർ സമർപ്പിച്ച പരാതി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അനെർട്ടുമായി ബന്ധപ്പെട്ട് നിരവധി ആരോപണങ്ങൾ ഉന്നയിക്കുന്ന സാഹചര്യത്തിൽ, സൂചന (2) പ്രകാരം നൽകിയ നിർദ്ദേശത്തോടൊപ്പം ചേർത്ത് സൂചന (1)-ലെ പരാതി വിഷയത്തിലും **വെരിഫിക്കേഷൻ** നടത്തി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
സംഗീത ടി എസ്
ഡെപ്യൂട്ടി സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Jayakala O
Date: 27-08-2025 14:18:02

സെക്ഷൻ ഓഫീസർ

I/5651449/2023

പ്രാഥമികാന്വേഷണം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

വിജിലൻസ് (ഡി) വകുപ്പ്

നമ്പർ.വിജി-ഡി2/273/2022-വിജി 16-03-2023,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി,

സ്വീകർത്താവ്,

ഡയറക്ടർ,
വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം.

സർ,

വിഷയം:- വിജിലൻസ് വകുപ്പ് - അനർട്ട് എന്ന സ്ഥാപനത്തിൽ പവർ ക്വാളിറ്റി അനലൈസറുകൾ വാങ്ങുന്നതിലെ ക്രമക്കേടുകൾ - പ്രാഥമികാന്വേഷണത്തിനുള്ള അനുമതി - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 14.10.2022 തീയതിയിലെ ഇ1(സി.വി.4/2022/എസ്.ആർ.ടി) നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കത്ത് മുഖേന ആവശ്യപ്പെട്ടതനുസരിച്ച് ടി വിഷയത്തിൽ അഴിമതി നിരോധന നിയമം വകുപ്പ് 2018 (ഭേദഗതി) സെക്ഷൻ **17 എ പ്രകാരം ഒരു പ്രാഥമികാന്വേഷണം നടത്തുവാൻ അനുമതി** നൽകുന്നു. അന്വേഷണ റിപ്പോർട്ട് സമയബന്ധിതമായി സർക്കാരിലേക്ക് ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
കെ.മനോജ് കുമാർ
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
O. Jayakala
Date: 16-03-2023 13:28:53
സെക്ഷൻ ഓഫീസർ